# എൻ .എസ്. എസ്. ഹൈസ്കൂൾ
## കുടശ്ശനാട്




# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ആമുഖം

കേരളത്തിലെ വിദ്യാഭ്യാസ മേഖല കാലോചിതമായ പരിവർത്തനത്തിലൂടെ കടന്നു പോകുകയാണ് . ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും ഒരു സമഗ്ര വിദ്യാലയ വികസന രേഖ (മാസ്റ്റർ പ്ലാൻ ) തയ്യാറാക്കി വരുന്നു . സർക്കാർ മുന്നോട്ടുവെച്ചിട്ടുള്ള ഉന്നത ലക്ഷ്യങ്ങളെ മുൻനിർത്തിയും രാജ്യത്തിന്റെ മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകിക്കൊണ്ടും കുട്ടികളില സർവ്വതോന്മുഖമായ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിലൂടെ വിഭാവന ചെയ്തിട്ടുള്ളത് .പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിൽ വിദ്യാർത്ഥികളുടെയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും സവിശേഷമായ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നു . പുതിയ അന്വേഷണങ്ങൾ ഏറ്റെടുത്തും നവീനമായ ആശയങ്ങൾ ഉല്പാദിപ്പിച്ചും മാതൃകാപരമായ പ്രവർത്തനങ്ങൾ ആണ് ഓരോ വിദ്യാലയത്തിലും നടത്തേണ്ടത് .എങ്കിൽ മാത്രമേ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുകയുള്ളൂ .അത് സാധ്യമാകത്തക്കവിധം കാഴ്ചപ്പാടും ചിന്തകളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക എന്ന ദൗത്യം ആണ് എവിടെ ഞങ്ങൾ ഏറ്റെടുക്കുന്നത് .

സ്വന്തം കുട്ടി മികച്ച സൗകര്യങ്ങളോടു കൂടി പഠിക്കണമെന്നുള്ളത് ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ് .ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭിക്കുക എന്നത് ഒരു കുട്ടിയുടെ അവകാശമാണ് . ഈ സാഹചര്യത്തിലാണ് പൊതുവിദ്യാലയങ്ങൾ ഏറ്റവും ആധുനികമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുന്നത് . ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥമാക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ഉൾകൊള്ളുന്ന സ്കൂൾ തല അക്കാദമിക പ്ലാൻ തയ്യാറാക്കുന്നു ഇത് ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായകമാകുമെന്ന് കരുതുന്നു

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക
3. അഞ്ച് മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ
4. അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
5. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുന്നു
6. പഠനത്തിൽ പിന്നോക്കകാരെ തുടക്കത്തിലേ കണ്ടെത്തി ആവിശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത് ഉൾക്കൊണ്ട് ലഭ്യമാക്കും
7. കാർഷിക സംസ്കാരം പുതിയതലമുറയിൽ വളർത്തി എടുക്കുക മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കും
8. മദ്യപാനം ,മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാകുന്ന തരത്തിൽ ഇടപെടലുകൾ നടത്തും .
9. പ്ലാസ്റ്റിക് മുക്ത ,കീടനാശിനി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും
10. ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എൻ .എസ് .എസ് .എച്ച് എസ്. കുടശ്ശനാട് |
| വിലാസം | : കുടശ്ശനാട് പി ഒ , ആലപ്പുഴ , 689512 |
| ഫോൺ | : 0479 2388165 |
| സ്കൂൾ കോഡ് | : 36038 |
| വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി ആർ സി | : മാവേലിക്കര |
| സി ആർ സി | : എരുമക്കുഴി |
| ഗ്രാമപഞ്ചായത്ത് | : പാലമേൽ |
| ബ്ലോക്ക് പഞ്ചായത്ത് | : ഭരണിക്കാവ് |
| ജില്ലാപഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : മാവേലിക്കര |
| ലോക്സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : മാവേലിക്കര |
| വില്ലേജ് | : നൂറനാട് |
| ഇ-മെയിൽ | : h.skudassanad@gmail.com |

## എസ് എസ് എൽ സി വിജയശതമാനം

| വർഷം | ശതമാനം |
|---|---|
| 2018 | 100% |
| 2019 | 100% |
| 2020 | 100% |
| 2021 | 100% |
| 2022 | 100% |
| 2023 | 100% |
| 2024 | 100% |
| 2025 | 100% |

## അധ്യാപകരുടെ പേരും വിദ്യാഭ്യാസയോഗ്യതയും

1. അഞ്ജലി വി നാരായണൻ (എച്ച്. എം) - ബി.എ, എം.എ മലയാളം ബി.എഡ്
2. ഹരിപ്രിയ ആർ - എം.എസ്.സി. കെമിസ്ട്രി, ബി.എഡ് ഫിസിക്കൽ സയൻസ് കെടെറ്റ് III
3. ഗിരിജകുമാരി എസ് - ബി.എസ്.സി, എം.എസ്.സി മാത്സ് ബി.എഡ് മാത്സ്.
4. നിതചന്ദ്രൻ. ആർ - എം.എ സോഷ്യോളജി, ബി.എ ഹിസ്റ്ററി ബി.എഡ് സോഷ്യൽ സ്റ്റഡീസ്, കെടെറ്റ് II, III
5. നീതു. എസ്. രവി - എം.എ മലയാളം, ബി.എഡ് മലയാളം കെടെറ്റ് III
6. പ്രിയദർശിനി എ.ആർ - എം.എ ഹിന്ദി, ആചാര്യ, കെടെറ്റ് III
7. ഉമ പിള്ള. - എം.എ സംസ്കൃതം, ബി.എഡ് സംസ്കൃതം.
8. ലേഖ. എസ്. പിള്ള - ബി.എ ഇക്കണോമിക്സ്, ബി.എഡ് ജ്യോഗ്രഫി
9. രശ്മി ആർ കുറുപ്പ് - ബി.എസ്.സി സുവോളജി, ബി.എഡ് നാച്ചുറൽ സയൻസ്, കെടെറ്റ് II
10. അമല മുരളി - എം.എസ്.സി ഫിസിക്സ്, ബി.എഡ് ഫിസിക്കൽ സയൻസ്, കെടെറ്റ് III

## വിദ്യാലയത്തിന്റെ ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കേ അറ്റത്തുള്ള, പത്തനംതിട്ട ജില്ലയുടെ അതിരുപങ്കിടുന്ന പാലമേൽ ഗ്രാമപഞ്ചായത്തിലെ ഏറ്റവും മനോഹരമായ ഒരു ഭൂപ്രദേശമാണ് കുടശ്ശനാട് ഗ്രാമം. മഹാരാജാവ് കുടവെച്ചനാട് എന്നർത്ഥത്തിലും കോടശ്ശേരിനാട് എന്ന അർത്ഥത്തിലുമാണ് ഈ പ്രദേശത്തിന് 'കുടശ്ശനാട്' എന്ന നാമകരണം ലഭിച്ചതെന്ന് വിശ്വസിക്കുന്നു. ലഭിച്ചിട്ടുള്ള പേര് അന്വർത്ഥമാക്കത്തക്കവിധം സമൂഹ ത്തിലെ എല്ലാ മേഖലകളിലും മേൽക്കോയ്മ നേടുന്നതിന് ഈ പ്രദേശത്തെ ജനങ്ങളെ സ്വാധീനിച്ചിട്ടുള്ള സരസ്വതീ ക്ഷേത്രമാണ് കുടശ്ശനാട് എൻ.എസ്.എസ്. ഹൈസ്ക്കൂൾ. മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമായ ഈ നാടിന്റെ പടിഞ്ഞാറുഭാഗത്ത് തിരുമണിമംഗലം മഹാദേവ ക്ഷേത്രവും കിഴക്കേ അറ്റത്ത് സെന്റ് സ്റ്റീഫൻസ് ദേവാലയവും ഇതിന്റെ ഇടയ്ക്കുള്ള പ്രദേശത്ത് ഒരു കൊച്ചു ദേവീക്ഷേത്രവും നിലനിൽക്കുന്നു. ഈ ദിവ്യസാന്നിധ്യങ്ങളുടെ ഏതാണ്ട് മധ്യഭാഗത്തായിട്ടാണ് കുടശ്ശനാട് എൻ.എസ്.എസ്. സ്കൂൾ സ്ഥിതി ചെയ്യുന്നത്.

൭൬ വർഷത്തെ പാരമ്പര്യമുള്ള ഈ സ്കൂൾ കുടശ്ശനാട് പുല്ലാംവിളയിൽ എഞ്ചിനീയർ രാമക്കുറുപ്പ് എന്ന മഹത് വ്യക്തി മുൻകൈ എടുത്ത് 1949ൽ സ്ഥാപിതമായി ആദ്യം അഞ്ചുമുതൽ ഏഴുവരെയുള്ള യു.പി. സ്കൂളായിരുന്നു ഇത്. തുടക്കത്തിൽ ഹെഡ്മാസ്റ്റർ നാരായണപിള്ള സാറും 2 അധ്യാപകരുമാണ് ഉണ്ടായിരുന്നത്. പന്തളം – നൂറനാട് റൂട്ടിൽ കുടശ്ശനാട് ജംഗ്ഷനിൽനിന്ന് തെക്കോട്ടു പോകുമ്പോൾ റോഡിന്റെ പടിഞ്ഞാറുവശത്തു കാണുന്ന സ്കൂളിന്റെ പ്രധാന കെട്ടിടം നിൽക്കുന്ന സ്ഥലം ശ്രീമാൻ രാമക്കുറുപ്പ്, നായർ സർവ്വീസ് സൊസൈറ്റിക്ക് ദാനമായി നൽകിയതാണ്. ഇവിടെയാണ് ആദ്യം യു.പി. സ്കൂൾ നിലനിന്നിരുന്നത്. റോഡിന്റെ കിഴക്കുവശത്തുള്ള കെട്ടിടം നിലനിൽക്കുന്ന സ്ഥലവും ഗ്രൗണ്ടും നായർ സർവ്വീസ് സൊസൈറ്റിക്ക് വിട്ടുകൊടുത്ത് ചരിത്രത്തിന്റെ അനശ്വരമായ താളുകളിൽ സ്ഥാനം പിടിച്ചത് പാപ്പാടിയിൽ തമ്പിവീട്ടത്ത്, പ്ലാവേലി കിഴക്കേതിൽ, മുണ്ടോലിൽ എന്നീ കുടുംബത്തിലെ ഔദാര്യനിധികളായ കുടുംബങ്ങളാണ് 'കുടശ്ശനാട് മിഡിൽ സ്കൂൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സ്കൂൾ 1955 ഏപ്രിൽ മാസം 1-ാംതീയതി ഒരു ദാനയാധാരം വഴി നായർ സർവ്വീസ് സൊസൈറ്റിക്ക് കൈമാറി. പിന്നീട് 1963ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. അങ്ങനെ കുടശ്ശനാട് എൻ.എസ്.എസ്. ഹൈസ്കൂൾ എന്ന നാമധേയം ലഭിച്ചു.

1965 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന ഈ വിദ്യാലയ ത്തിന് എന്നും ഉയർന്ന നിലവാരം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ലോക പ്രശസ്തരായ ശാസ്ത്രജ്ഞർ, സാഹിത്യകാരന്മാർ, രാജ്യാന്തര ചലച്ചിത്ര അവാർഡു നേടിയവർ, ഡോക്ടർ, കലാശാല പ്രിൻസിപ്പൽമാർ, ദേശീയ അവാർഡു നേടിയ അദ്ധ്യാപകർ, കലാ-സാഹിത്യ-ഭരണ -രാഷ്ട്രീയ രംഗങ്ങളിൽ കഴിവു തെളിയിച്ചവർ സൈനിക സേവനത്തിൽ ഉന്നത സ്ഥാനത്തുള്ളവർ, അന്റാർട്ടിക്ക പര്യവേക്ഷണത്തിൽ പങ്കെടുത്തവർ, തൊഴിലാളികൾ, വീട്ടമ്മമാർ ഇവരെല്ലാം ഈ സ്കൂളിന്റെ സന്താനങ്ങളാണ്. ഈ പ്രദേശത്തിന്റെ സാമൂഹിക, സാമ്പത്തിക നില ഉയർത്തുന്നതിന് ഗൾഫ് മേഖലയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഉയർന്ന നിലയിൽ ജോലിചെയ്യുന്ന ധാരാളം പ്രതിഭാധനന്മാരെ വാർത്തെടുത്ത സ്കൂളാണിത്.

**മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ**

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ (യു.പി. ഭാഗം) എച്ച്.എസ്. ഉയർത്തിക്കെട്ടൽ | പി.ടി.എ. ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളി സ്ഥലം | എസ്.എം.സി. |
| ഇംഗ്ലീഷ് പരിപോഷണം | ക്ലാസ്സ് മുറികൾ | എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ |
| ശാസ്ത്ര പോഷണ പരിപാടി | ഓഫീസ് മുറി | വിദ്യാലയ വികസന സമിതി |
| വായനാ പരിപോഷണം | സ്റ്റാഫ് മുറി | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ലൈബ്രറി ശാക്തീകരണം | കമ്പ്യൂട്ടർ റൂം | എസ്.എസ്.ജി. ഗ്രന്ഥശാലകൾ |
| ലബോറട്ടറി ആധുനികവൽക്കരിക്കൽ | ലൈബ്രറി | ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ |
| നാടക കളരി | അടുക്കള | വിദ്യാഭ്യാസ പ്രവർത്തകർ, |
| ജൈവവൈവിധ്യ പാർക്ക് | ഡൈനിംഗ് ഹാൾ | പൂർവ്വാദ്ധ്യാപകർ |
| സാഹിത്യ പോഷണ പരിപാടികൾ | കുടിവെള്ള വിതരണം | സഹകരണ സ്ഥാപനങ്ങൾ |
| പഠന യാത്രകൾ | മാലിന്യ സംസ്കരണം | വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| സെമിനാറുകൾ | ടോയ്‌ലറ്റ് | ക്ലാസ്സ് പി.ടി.എ. മാസൃകാപരമാക്കാനുള്ള നടപടികൾ |
| കലാ-കായിക മേള | ജന്മദിനത്തിനൊരു പുസ്തകം | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ഐ.ടി. പരിശീലനം | ചിത്രരചന | ഭവനസന്ദർശനം |
| അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | എന്റെ ചെടി എനിക്കും പറയാനുണ്ട് | |
| സ്കൂൾ പത്രം | ഭാഷോത്സവം | |
| പ്രവൃത്തിപരിചയ പഠനം | ഗണിതോത്സവം | |
| എസ്. ആർ. ജി. ശാക്തീകരണം | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| പച്ചക്കറിത്തോട്ടം | | |
| രചനാ ശില്പശാല | | |
| അഭിമുഖങ്ങൾ | | |
| പോഷകാഹാര പരിപാടി | | |
| ബ്ലോഗ് | | |
| ടേം മൂല്യനിർണ്ണയം, നിരന്തര മൂല്യനിർണ്ണയം | | |

# शैक्षणिक मास्टर प्लान (यु.पी.) 2025-26

त्र : यु. पी. हिन्दी

| ...द्देश्य | गतिविधियाँ | काल | उत्तरदायित्व |
|---|---|---|---|
| ...कक्षा 5,6,7 में ...रता को मज़बूत ...ना। ...न्दी के प्रति ...च्चों की रुचि बढ़ाना। ...ट्यों के बिना हिन्दी ...ने के लिए बच्चों ...ो प्राप्त बनाना। | 1. नये शब्दों का परिचय देना, और अर्थ ढूँढने में मदद करना। 2. कविता पढ़ाकर वर्णमाला का परिचय देना। 3. हिन्दी बोलने और लिखने में मदद करना। 4. चित्र दिखाकर समझाना। | जून से फरवरी तक। | हिन्दी अध्यापिका |

1

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## സംസ്കൃതം

### സംസ്കൃതം UP & HS

| ക്രമ നമ്പർ | 2<br>ലക്ഷ്യം | 3<br>പ്രവർത്തനങ്ങൾ | 4<br>കാലയളവ് | പഠന ഉപകരണങ്ങൾ | നിർവ്വഹണ ചുമതല | സാധ്യ |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ദോഷരഹിതമായി വായിക്കാനും എഴുതാനും, സംഭാഷിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | ക്ലാസ് ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | 1 week | ചെറുവാക്യങ്ങൾ ഉള്ള പുസ്തകങ്ങൾ | അധ്യാപിക | |
| | | പരിമിതികൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ | 1 month | പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ ICT | അധ്യാപിക | |
| 2 | എല്ലാ കുട്ടികളും അക്ഷരശുദ്ധമായി വായിക്കുന്നവരാകുന്നു. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചന വികസിപ്പിക്കാനുമുള്ള അവസരം നൽകുന്നു. | പദ്യങ്ങൾ, ഗാനങ്ങൾ, രചനാ ശില്പശാലകൾ, ചെറിയ കഥ, കവിത എന്നിവ വായിച്ചു മനസിലാക്കാൻ സഹായിക്കുന്നു | | | | |

# സംസ്കൃത പ്രവർത്തനങ്ങൾ
## ഒറ്റനോട്ടത്തിൽ.

1. പ്രതീക്ഷിത നേട്ടങ്ങൾ.

- സംസ്കൃത പഠനത്തിന് താല്പര്യം ജനിപ്പിച്ചു.
- സംസ്കൃത അക്ഷര പഠനം.
- അക്ഷരസ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കാനുള്ള കഴിവ് നേടി.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടി.
- സംസ്കൃതത്തിൽ സംസാരിക്കാനുള്ള ശേഷി നേടി.
- കഥ, കവിത എന്നിവ എഴുതുവാനും, പാടാനും ഉള്ള കഴിവുനേടി.
- ഭാഷാലാബ് നിർമ്മാണം.
- ഹാസ്യചിത്രങ്ങൾ നിർമ്മിക്കാൻ ശേഷി കിട്ടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പങ്കാളികൾ | നിർവ്വഹണച്ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| ...സാഹിത്യ അഭിരുചി വളർത്തുന്നവരാക്കുന്നതിന്, ...ഭാഷയോട് താല്പര്യം ...ഉണ്ടാക്കുന്നതിന് ...പ്രവൃത്തിക സാങ്കേതിക വിദ്യ സ്വായത്ത... ...യുടെ പ്രയോജന... ...പ്പെടുത്താൻ. | വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, നാടകങ്ങൾ ജീവചരിത്രക്കുറിപ്പുകൾ വരയ്ക്കൽ, ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc; സംസ്കൃത ദിനം, സംസ്കൃത ശ്ലോകങ്ങൾ ...ൽ എഴുതുക, സംസ്കൃത സംഭാഷണ ക്ലബ്ബ്, ...[illegible] | ജൂൺ - ജൂലൈ മാസം | പുസ്തകങ്ങൾ വിവിധയിനങ്ങൾ ...ങ്ങൾ etc... | അധ്യാപിക വിദ്യാർത്ഥികൾ | |
| ...ഭാഷാ ലാബ് | വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ - മാർച്ച് | അധ്യാപിക P.T.A SR.G | അധ്യാപിക P.T.A SR.G | |
| ...അവതരണം | സംഭാഷണം, നാടകാഭിനയം | ജൂൺ മുതൽ March | അധ്യാപി | അധ്യാപിക, P.T.A, SRG. | |

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| To encourage Listening & Speaking<br>Introduce different genres<br>Enhance Vocabulary<br>Enhance listening skills. | Interactive Story telling sessions discussing themes, Characters. and plots to enhance listening skills.<br>Group discussions and role plays to improve Speaking Skills.<br>Vocabulary games and excercises to build word Knowledge. | June | English Teacher | English club. |
| To encourage Reading.<br>Develop basic reading, writing, listening and Speaking Skills | Interactive Reading Circles.<br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br>Each group reads the assigned text together and discusses key elements like | July | | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| Cultivate effective communication skills for various contexts. | Plot, characters and themes.<br>Encourages students to take turns reading aloud and share their interpretations and reactions to the text.<br>After discussions, each group presents a summary or analysis of their assigned text to the class.<br>Guided Reading sessions with comprehension questions<br>Listening comprehension excercises using audio stories.<br>Debates and presentations for advanced speaking practice.<br>Expanding vocabulary with context clues from passage. | August - December. | English Teacher | English Club. |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| o develop writing Skills.<br>Introduce grammatical ncepts such as parts speech, tenses and entence structures.<br>To develop basic rammar rules.<br>ocus on sentence structure, punctuation, grammar. | Improve sentence structure.<br>practice for simple creative writing tasks like descriptive paragraphs, short stories and simple poetry.<br>Project and research assignments to foster critical thinking.<br>Focus on developing paragraphs and essays,<br>Teach persuasive writing techniques and argumentation.<br>preparing and delivering speeches.<br>Listening to and analysing different media sources. | January<br>—<br>February. | English teacher. | English Club. |
| panding vocabulary rough reading and teractive activities.<br>Introduce different pes of writing, | Interactive grammar games.<br>Structured grammar lessons with examples and practice excercises. | | | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| arrative, descriptive ersuasive etc. | worksheets on part of speech, punctuation and sentence types. | | | |
| nguage Games, zzles and Activities | Interactive language games and activities to reinforce vocabulary, grammar and language skills in an engaging way.<br>Eg - play word association games.<br>Charades or vocabulary bingo to practice new words and concepts.<br>To create their own poems, stories, dictionary etc and present it to the class. | Throughout the year. | English Teacher | English club. |
| ferentiation and support. | Recognize and accomodate the diverse learning needs. of students through differentiated instruction, including accomodations and | | | |

| AIM. | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| | modifications for specially abled students and gifted learners.<br>provide additional support and resources such as small-group instruction, tutoring, peer mentoring and remedial programs to help struggling students and challenge advanced learners.<br>offer opportunities for enrichment and extension. activities to extend learning beyong the core curriculum and cater to students interests and strengths. | throughout the year. | English Teacher. | English club. |
| assessment and feedback. | Design a range of assessment methods such as quizzes, tests, essays, presentations, projects and performance | | | |

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| | tasks to assess different aspects of language learning.<br>provide timely and constructive feedback to students that highlights their strengths, identifies areas for improvement and suggests strategies for further development.<br>Involves students in self assessment and reflection activities to promote ownership of their learning process.<br>Use assessment data to inform instructional planning identify learning gaps and differentiate instruction to meet individual student needs.<br>provide resources and tips for parents on how to support their child's literacy. | Throughout the year. | English Teacher | English club. |

മേഖല - എൽ.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ...അടിസ്ഥാന ഗണിത ക്രിയകൾ ...ല്ലാം പഠിതാക്കൾ ...ം ഉറപ്പുവരുത്തുന്നു | **ഗണിത ശില്പശാല**<br>കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഗണിത-ചാർട്ട്, മുത്തുകൾ .. ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര ...നോടും താല്പര്യ... ശേഷികൾ ...ആത്മവിശ്വാസവും | **ഒറിഗാമി ശില്പശാല.**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനായി പത്രത്താളിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ആധുനിക ...ശാസ്ത്ര സാങ്കേതിക... ...സാധ്യതകൾ ഗണിതപഠനത്തി-...ൽ പ്രയോജനപ്പെ-ടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനാൽ കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| ...ഗണിതത്തിൽ | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന | ആഴ്ചയിൽ രണ്ട് ദിവസ് | ഗണിത അധ്യാപകർ | |

കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും
മുൻനിരയിൽ നിൽക്കുന്ന കുട്ടികളും
ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ
നൽകുന്നു. പോരായ്മകൾ കണ്ടെത്തി
അനുയോജ്യമായ പ്രവർത്തനങ്ങൾ
നൽകുന്നു.

മേഖല · ക്ലബ്ബ് · സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ജീവിത സാഹചര്യ...ങ്ങളിൽ നിന്നും ...ദ്യ പാഠ്യത്തിൽ നിന്നും ശാസ്ത്ര...ന്ന തിരിച്ചറിവ് | <u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധസസ്യങ്ങളും, പച്ചക്കറികളും ജൈവവേലി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ |
| | <u>തൊടിയിലൂടൊരു യാത്ര</u><br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം. | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | <u>പരീക്ഷണ കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങ-ളിലൂടെ ശാസ്ത്ര തത്വങ്ങൾ അറിയുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങ-ളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര പ്രതിഭാ...ശേഷി വികസിപ്പിക്കുക, | <u>മാസ്റ്റർ മൈൻഡ്</u><br>ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ആരോഗ്യ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര അന്വേഷണങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | ശാസ്ത്രക്ലബ്ബ് | |
| | <u>എക്സ്പോ - എക്സ്പ്ലോർ</u><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ തലങ്ങളെ അടങ്ങിയ ചിത്രങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സമ… |
| | <u>ശാസ്ത്ര വിസ്മയ ചുവർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | <u>ശ്രദ്ധ</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തിയെടുക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളുന്നതിന് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ | ICT യുടെ സഹായത്തോടെ ശാസ്ത്ര വസ്തുതകൾ കുട്ടികളിലേക്ക്- | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| ...ആധുനിക ...ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായ ...ത്തിൽ വഴി നൂതന ...ത്തി ശാസ്ത്രബോധ- ...ത്തിനായി ...പ്പെടുത്തുന്നതിനും | വിജ്ഞാന യാത്ര<br>- മണ്ണിലുള്ള പുതിയ മാനങ്ങളെയും ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | [illegible] വർഷം | ശാസ്ത്രാധ്യാപകർ | |

# Master Plan UP Social Science.

| …ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| …ിതാക്കളെ ചരി …ത്രബോധം ഉള്ള …ാക്കി മാറ്റുക …ക. | Virtual field trip ICT സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് ചരിത്രാവബോധം വളർത്തുന്നു. | June | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| …ഗ്രാമ നഗര പ്രദേശങ്ങ …ളെ [illegible] …ാരണം …ത്സാഹിപ്പി …ക. | ആൽബം തയ്യാറാക്കൽ ഗ്രാമനഗരങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ | June | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| ...ക്കണ രീതികളുടെ ...ങ്ങൾ പ്രകടമാക്കാ ...ആരോഗ്യകരമായ ഭക്ഷണ ... സംരക്ഷിക്കുവാൻ ...ഭിന്ന മാർഗ്ഗങ്ങളും ...വിധികളും പ്രദർശിപ്പി...ക. | ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം. ആരോഗ്യകരമായ ഭക്ഷണശീലം എന്ന വിഷയത്തിൽ ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം നടത്തുക. | July | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...ർവ്വഹണങ്ങൾ ഉണ്ടാ...ക്കുക. — ഭാവിയിൽ ...വ്യവസായ മേഖലയിൽ സംരം...ങ്ങൾ തുടങ്ങുന്നതിന് ...പ്രചോദനം നൽകുക | അടുത്തുള്ള വ്യവസായിക സംരംഭം സന്ദർശിച്ച് നിരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | August | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...സ്ത്രനിർമ്മാണരീതി ...കുറിച്ച് മനസ്സിലാക്ക... | കൈത്തറി കേന്ദ്രം സന്ദർശനം വിവരങ്ങൾ ശേഖരിക്കുന്നു | September | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| …നാധിപത്യപരമായ ജീവിത …ിപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ നടത്തിപ്പ് …ലം മനസ്സിലാക്കുന്നു. | October | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| …ിദ്ര്യ നിർമ്മാർജ്ജനത്തിന് …ടുംബശ്രീയുടെ പ്രവർത്തന…ൾ ഏറ്റെടുക്കുന്നു സഹായ…മാണെന്ന് മനസ്സിലാക്കുന്നതിന് | കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു | November | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| …ന്നശേഷിക്കാരുടെ ക്ഷേമത്തിനു …പ്രവർത്തിക്കാനുള്ള മനോഭാവം | ഭിന്നശേഷിക്കാരുടെ വിദ്യാലയങ്ങൾ സന്ദർശിച്ച് അവർ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു | December | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| …വിയുടെ ഉള്ളറയിലെ …വിശേഷതകൾ മനസ്സിലാക്കുന്നതിന് | ICT സാധ്യത ഉപയോഗിച്ച് ഭൂമിയുടെ ഉൾക്കാമ്പിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വീഡിയോ പ്രദർശനം | January | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം UP.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ഭാഷയുടെ അടിസ്ഥാന ...ശേഷി വികസനം. ...ആശയസംവേദനം നട...ത്താനും പദസമ്പത്ത് ...വർത്താനും പരിത്ര...ന്നു പ്രാപ്തരാക്കുക. | • കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, യാത്രാനുഭവക്കുറിപ്പുകൾ എന്നിവ അവതരിപ്പിക്കുന്നു. | June | മലയാളം അധ്യാപകർ | |
| | • അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആശയം എന്നിവ വരുത്തുന്നു. | July | മലയാളം അധ്യാപകർ | |
| ...ട്ടികൾ അർത്ഥപൂർണ്ണ...യ വായന ഉറപ്പ് ...വരുത്തുന്നു. | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | എല്ലാ മാസവും | മലയാളം അധ്യാപകർ | |
| ...ഹിത്യകാരൻമാരെയും ...ഹിത്യകൃതികളെയുംകുറിച്ചു ...ളെക്കുറിച്ചുള്ള മനോഭാവം ...ളർത്തുക വഴി ...ട്ടികളുടെ സർഗ്ഗശേഷി ...ളർത്തുന്നു. | • സാഹിത്യകാരൻമാർ, കലാകാരൻമാർ എന്നിവരുമായി അഭിമുഖ സംഭാഷണം നടത്തുന്നു. | വർഷത്തിൽ രണ്ടുപ്രാവശ്യം | മലയാളം അധ്യാപകർ | |
| ...കുട്ടികളുടെ കലാവാസ ...കളെ പരിപോഷി ...പ്പിക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നൃത്താവിഷ്കാരം ചെറു നാടകങ്ങൾ എന്നിവ അവതരിപ്പിക്കാൻ കുട്ടികൾക്ക് പ്രത്യേക അവസരം നൽകുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | മലയാളം അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26.
സോഷ്യൽ സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...തിനങ്ങളെ ചരി... വബോധമുള്ളവരാ... മാറ്റുക, ചരിത്ര ...ബോധത്തിൽ നിന്നും ...റവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചിത തീയതി (അക്കാദമിക വർഷം) | PTA, സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ...നാധിപത്യബോധം, ...ത്രബോധം, ...ബോധം എന്നിവ ...ട്ടികളിൽ വളർത്തുക | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്, ഭരണഘടനാ പതിപ്പ് തയ്യാറാക്കൽ, സാമൂഹ്യ സേവനം, ശാസ്ത്രബോധം ഇവ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക് വർഷത്തിലെ തെരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ. |
| ...പാഠവായന കുട്ടിക- ...ളിൽ വളർത്തുക ...ലങ്ങൾ നടത്തുവാൻ ...ന്ന ലക്ഷ്യം ...ക. | പാഠവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. (അറ്റ്ലസ് നിർമ്മാണം) | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| [illegible] കുട്ടികൾക്ക് പൊതു വിജ്ഞാനം വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | സാമൂഹ്യശാസ്ത്ര ക്ലബ്ബുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പോസ്റ്റർ രചന മത്സരം, മുദ്രാവാക്യ മത്സരം, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് കുട്ടികളെ പങ്കാളികളാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| [illegible] വ്യത്യസ്തയിനം തൊഴിലുകളെക്കുറിച്ചും, തൊഴിലാളികളെക്കുറിച്ചും, കാടുകൾ, സമുദ്രങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുകയും, ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| Activity | Duration | ചുമതല |
|---|---|---|
| • ഗണിത പഠനം ലളിതവും രസകരവുമാക്കുന്ന പ്രവർത്തനങ്ങൾ<br>• വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങൾ.<br>• ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു<br>• ഗുണന പട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു<br>• ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>• ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷ്ക്രിയകൾ സഹായകമാകുന്നു എന്ന് കുട്ടികൾ തിരിച്ചറിയുന്നു പ്രവർത്തനങ്ങൾ<br>• കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ<br>• ICT പഠനസാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്നു.<br>• ഗണിതലാബ്, ഗണിതക്ലബ്.<br>• നിർമ്മിതി കൂടിയ ശേഷി കൈവരിക്കൽ.<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു<br>• രക്ഷിതാക്കളുടെ ബോധവൽക്കരിക്കുന്നു | June-March | ഗണിത അദ്ധ്യാപകർ<br>PTA<br><br>ക്ലബ്ബ് കൺവീനർ<br><br>അദ്ധ്യാപകർ<br>H.M<br>PTA President |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ...തുകം, ജിജ്ഞാസ ...രീക്ഷണപാടവം ...വ പരിപോഷിപ്പിക്കു... | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു<br>ക്ലാസുകളിൽ ലഘുപ്രോജക്ട് നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| ...രന്തരമായ ...ന്വേഷണം നടത്തു...ും ലഭിച്ച വിവര...ൾ വിശകലനം ...ഷ്യങ്ങളെ ശേഖരി...ക്കുകയും ചെയ്യു... | ക്ലാസുകളിൽ സെമിനാർ പേപ്പർ അവതരിപ്പിക്കാനും മികച്ചത് പൊതുവേദിയിൽ അവതരിപ്പിക്കാനും അനുവദിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| ...രിസ്ഥിതി സൗഹൃദ ...നോഭാവം വളർ...ുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| ...അറിവ് ...വർധിപ്പിക്കാൻ | പുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |

• (അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 വിഷയം : മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ<br>• ശുദ്ധമായ ഭാഷാപ്രയോഗം<br>• മികച്ച വായനക്കാരാക്കുക, എഴുത്തുകാരാക്കുക. | 6 മാസം | പത്രമാധ്യമങ്ങൾ, പാഠപുസ്തകം, ലൈബ്രറിപുസ്തകം. | ഭാഷാധ്യാപിക. |
| അക്ഷരത്തിലുള്ള വായന പരിശീലനം | • ശബ്ദശുദ്ധി, ഉച്ചാരണം, വായന എന്നിവയ്ക്കുള്ള പരിശീലനം<br>• വായനക്ലബ്ബ് ആരംഭിക്കൽ | മാസത്തിൽ ഒരിക്കൽ | പാഠപുസ്തകം ലൈബ്രറിപുസ്തകം പത്രങ്ങൾ | ഭാഷാധ്യാപിക |
| സംഭാഷണ പരിശീലനം | • ഗ്രൂപ്പ് ഡിസ്കഷൻ, വാദപ്രതിവാദം | മാസത്തിൽ രണ്ടു പിരീഡ് | ICT പരിശീലനം | ഭാഷാധ്യാപിക |
| സാഹിത്യസദസ്സുകൾ | • പ്രശസ്ത ഭാഷാപണ്ഡിതരുമായി സംവാദം | വർഷത്തിൽ ഒരു തവണ | ക്ലാസിന് വേണ്ട സജ്ജീകരണങ്ങളും സദസ്സും. | വിദ്യാരംഗം കലാസാഹിത്യസമിതി, ഭാഷാക്ലബ്, വിദഗ്ധർ |
| രചന മത്സരങ്ങൾ | • കഥ, കവിത, ലേഖനം എഴുതൽ | ദിനാചരണങ്ങളിൽ | വിലയിരുത്തൽ സൂചകങ്ങൾ. | ഭാഷാധ്യാപിക, മറ്റ് അധ്യാപകർ |

शैक्षणिक मास्टर प्लान (माध्यमिक विद्यालय) 2025-26

...: एच एस हिन्दी

| ...्य | गतिविधियाँ | काल | उत्तरदायित्व |
| --- | --- | --- | --- |
| ...ष्ट्रभाषा के प्रति ...चि बढ़ाना । | कहानी वाचन, कविता वाचन आदि के लिए अवसर देना है। | जून से -मार्च तक | हिन्दी अध्यापिक... |
| ...ातृभाषा के साथ-साथ ...दी का भी प्रयोग ...रने को सिखाना । | पुस्तक में प्रस्तुत किये हुए साहित्यकारों की कहानी, उपन्यास आदि को देखने का अवसर बच्चों को देना है। | | |
| ...अनुवादक, समाचार वाचक, ...त्रकार आदि क्षेत्र में ...ाम करने के लिए बच्चों ...ो प्राप्त कराना । | हिन्दी थियटर तैयार करना है। हिन्दी बोलनेवाले लोगों से बातचीत करने का अवसर देना है। प्रसिद्ध पत्रकारों से साक्षात्कार में भाग लेने का अवसर देना है। | | |

## അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല :-

| ചുമതലകൾ | അധ്യാപകർ |
|---|---|
| 1. ഹെഡ്മിസ്ട്രസ് | - അഞ്ജലി വി നാരായണൻ |
| 2. സീനിയർ അസിസ്റ്റന്റ് | - ഗിരിജ കുമാരി. എസ് |
| 3. സ്റ്റാഫ് സെക്രട്ടറി | - നീതു. എസ്. രവി |
| 4. എസ്. ആർ. ജി കൺവീനർ | - ലേഖ. എസ്. പിള്ള |
| 5. എസ്. ഐ. ടി. സി | - നീത ചന്ദ്രൻ ആർ |
| 6. ലൈബ്രറി | - നീതു. എസ്. രവി |
| 7. ലിറ്റിൽ കൈറ്റ്സ് | - ഹരിപ്രിയ. ആർ |
| 8. ജെ. ആർ. സി | - നീതു. എസ്. രവി |
| 9. സൊസൈറ്റി | - ഗിരിജകുമാരി. എസ് |
| 10. ഉച്ചഭക്ഷണം | - രശ്മി ആർ. കുറുപ്പ് |
| 11. കലാ, കായിക മേളകൾ | - ഉമ പിള്ള |

# ഉപസംഹാരം

സമൂഹ പങ്കാളിത്തത്തോടെയുള്ള വിദ്യാലയ വികസനത്തിന് കുടശ്ശനാട് എൻ.എസ്.എസ്. ഹൈസ്കൂളും മാതൃകയാകുകയാണ്. സമൂഹവും വിദ്യാലയവും പരസ്പര പൂരകങ്ങളാണ് എന്ന സന്ദേശം ഉറപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നത്. വിദ്യാലയ ഗുണ മേന്മ സമൂഹം വിലയിരുത്തുന്നത് പഠിതാക്കളിലൂടെ അത് സമൂഹത്തിലേക്കെത്തുമ്പോഴാ ണ്. പഠനവും അന്വേഷണവും സമൂഹത്തിലേക്കിറങ്ങി ചെല്ലുമ്പോൾ ഏതൊരു വിദ്യാല യവും സമൂഹത്തിന് വേണ്ടപ്പെട്ടതായി തീരുന്നു. പൊതുവിദ്യാലയങ്ങൾ ഉണരുകയാണ്. കേര ളത്തിലെ ഓരോ പൊതുവിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുവരുവാ നുള്ള ശ്രമങ്ങൾ സർക്കാർ വിദ്യാഭ്യാസ വകുപ്പ്, ജനപ്രതിനിധികൾ, പഞ്ചായത്തുകൾ പൊതു ജനങ്ങൾ അദ്ധ്യാപക രക്ഷാകർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സംയു ക്താഭിമുഖ്യത്തിൽ നടന്നുവരികയാണ്. അടുത്ത അഞ്ചുവർഷംകൊണ്ട് വിദ്യാലയത്തെ ജന കീയ പങ്കാളിത്തത്തോടെ എല്ലാ തലത്തിലും ലോകനിലവാരത്തിലെത്തിക്കുന്നതിന് ഈ സ്കൂളിന്റെ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.